പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3643 — 20.06.2019 ൽ മറുപടിക്ക്

# ആയുഷ്മാൻ ഭാരത് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ<br>,, സി. കെ. ശശീന്ദ്രൻ<br>,, എസ്.ശർമ്മ<br>,, കെ.ഡി. പ്രസേനൻ | കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) |

**(എ)** കേന്ദ്രസർക്കാർ ആവിഷ്കരിച്ച ആയുഷ്മാൻ ഭാരത് പദ്ധതിയിൽ നിന്നും സംസ്ഥാനം വിട്ടുനിന്നെന്ന് പ്രധാനമന്ത്രി പ്രസ്താവിച്ചതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പശ്ചാത്തലത്തിൽ ഇക്കാര്യത്തിലെ നിജസ്ഥിതി അറിയിക്കാമോ;

**(ബി)** കേന്ദ്രത്തിലെ മുൻ യു.പി.എ. സർക്കാർ ആവിഷ്കരിച്ച ആർ.എസ്.ബി.വൈ.എന്ന പദ്ധതിക്ക് പുറമെയാണോ ആയുഷ്മാൻ ഭാരത് എന്ന പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതിയുടെ ഇൻഷ്വറൻസ് പ്രീമിയം തുക മുഴുവനും കേന്ദ്രസർക്കാരാണോ വഹിക്കുന്നത്;

**(ഡി)** സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ വിശദാംശം അറിയിക്കാമോ?

**(എ), (ബി) & (ഡി)**

ആർ എസ് ബി വൈ ക്കു പകരമായി കേന്ദ്ര സർക്കാർ കൊണ്ടുവന്ന ആയുഷ്മാൻ ഭാരത് - പ്രധാനമന്ത്രി ജൻ ആരോഗ്യ യോജന പദ്ധതി (AB-PMJAY) സംസ്ഥാനത്തു നടപ്പാക്കുമ്പോൾ നിലവിൽ സോഷ്യൽ ഇക്കണോമിക് കാസ്റ്റ് സെൻസസ് 2011 (SECC) -ൽ ദുർബല വിഭാഗങ്ങളായി കണക്കാക്കിയിട്ടുള്ള 18.58 ലക്ഷം കുടുംബങ്ങൾക്കു മാത്രമേ പദ്ധതിയുടെ ആനുകൂല്യം ലഭ്യമായിരുന്നുള്ളൂ. തുടർന്ന് സംസ്ഥാന സർക്കാരിന്റെ ഇടപെടൽ മൂലം ആർ എസ് ബി വൈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള അംഗങ്ങളെ കൂടി AB-PMJAY പദ്ധതിയിൽ ഉൾപ്പെടുത്തി അങ്ങനെ 21.57 ലക്ഷം കുടുംബങ്ങളെ മേൽപ്പടി പദ്ധതിയുടെ ഗുണഭോക്താക്കളാക്കി കേന്ദ്ര സർക്കാർ നിശ്ചയിച്ചു.

ആയുഷ്മാൻ ഭാരത് - പ്രധാനമന്ത്രി ജൻ ആരോഗ്യ യോജന പദ്ധതിയുടെ ആനുകൂല്യം കൂടുതൽ ജനങ്ങളിലേക്കു എത്തിക്കുന്നതിനും ആർ എസ് ബി വൈ/ചിസ്, ചിസ് പ്ലസ്, എസ് ചിസ്(SCHIS) പദ്ധതികളുടെ ആനുകൂല്യം ലഭ്യമായിരുന്ന ജനങ്ങൾക്കു കൂടെ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതിന് ഈ പദ്ധതികൾ സംയോജിപ്പിച്ചു നിലവിലുള്ള 40.96 ലക്ഷം കുടുംബങ്ങളെയും ഉൾക്കൊള്ളിച്ചുകൊണ്ട് സംസ്ഥാന സർക്കാർ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP) വിഭാവനം ചെയ്യുകയും 2019 ഏപ്രിൽ 1 മുതൽ പദ്ധതി കേരളത്തിൽ നടപ്പിലാക്കുകയും ചെയ്തു.

കേരളത്തിൽ ആർ എസ് ബി വൈ/ ചിസ് പദ്ധതിയുടെ ആനുകൂല്യം ടി പദ്ധതിയുടെ അവസാന വർഷമായ 2018 -19 ൽ 40.96 ലക്ഷം കുടുംബങ്ങൾ ആയിരുന്നു. ഇതിൽ 21.57 ലക്ഷം കുടുംബങ്ങൾക്ക് ഇൻഷ്വറൻസ് സേവന ദാതാവിനു അടക്കേണ്ട പ്രീമിയം തുകയുടെ 60% കേന്ദ്ര സർക്കാർ നൽകി വന്നിരുന്നു (2015 വരെ കേന്ദ്ര വിഹിതം 75% ഉം സംസ്ഥാന വിഹിതം 25% ഉം

ആയിരുന്നു. ബാക്കി വരുന്ന ആർ എസ് ബി വൈയുടെ 40% വും ചിസ് പദ്ധതിയിൽ (19.39 ലക്ഷം കുടുംബങ്ങൾ) ഉള്ളവർക്ക് മുഴുവൻ പ്രീമിയവും സംസ്ഥാന സർക്കാർ ആണ് നല്കിവന്നിരുന്നത്.

ആർ എസ് ബി വൈ/ചിസ് പദ്ധതി പ്രകാരം ഒരു കുടുംബത്തിന് ഒരു വർഷം 30,000 രൂപയുടെ സൗജന്യ ചികിത്സയും കൂടാതെ സീനിയർ സിറ്റിസൺ ഹെൽത്ത് ഇൻഷ്വറൻസ് സ്കീം (SCHIS) പ്രകാരം പദ്ധതിയിൽ അംഗമായിട്ടുള്ള അറുപതു വയസിനു മുകളിലുള്ള ഓരോ കുടുംബാംഗത്തിനും 30,000 രൂപയുടെ അധിക ചികിത്സയും നൽകിയിരുന്നത്. ഈ രണ്ടു പദ്ധതികൾക്കും കൂടി 21.57 ലക്ഷം കുടുംബങ്ങൾക്കു കേന്ദ്ര സർക്കാർ നൽകി വന്നത് 750 രൂപ ആയിരുന്നു (കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള ആർ എസ് ബി വൈ യുടെ പ്രീമിയം ആയ 750 രൂപയും എസ് ചിസ് (SCHIS) പദ്ധതിയുടെ പ്രീമിയം ആയ 500 രൂപയും ചേർത്ത് 1250 രൂപയുടെ 60% ആയ 750 രൂപ). സൗജന്യ ചികിത്സ പരിധി 5,00,000/- മായി ഉയർത്തിയപ്പോൾ കേന്ദ്ര സർക്കാർ ഇൻഷ്വറൻസ് കമ്പനിക്കു നൽകേണ്ട പ്രീമിയം 1052 രൂപയായി കുറച്ചു. ഇതിന്റെ 60% ആയ 631.20 രൂപ മാത്രമാണ് 21.57 ലക്ഷം കുടുംബങ്ങൾക്കു കേന്ദ്ര സർക്കാർ പ്രീമിയം വിഹിതമായി നൽകുന്നത്.

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി വഴി ആയുഷ്മാൻ ഭാരത് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള 21.57 ലക്ഷം കുടുംബങ്ങൾക്കു ആരോഗ്യ ഇൻഷ്വറൻസ് പ്രീമിയം ആയ 1671 രൂപയിൽ കേന്ദ്ര വിഹിതം ആയി 631.20 രൂപ മാത്രമേ ലഭിക്കുകയുള്ളൂ. ബാക്കിയുള്ള 1040 രൂപ ആയുഷ്മാൻ ഭാരത് പദ്ധതിയുള്ള ഓരോ കുടുംബത്തിനും സംസ്ഥാന സർക്കാർ വിഹിതമായി നൽകേണ്ടതുണ്ട്. അതായതു ആയുഷ്മാൻ ഭാരത് പദ്ധതി നടപ്പിലാക്കുമ്പോൾ അതിന്റെ 62% പ്രീമിയവും സംസ്ഥാന സർക്കാരാണ് വഹിക്കേണ്ടി വരുന്നത്. കൂടാതെ ചിസ് പദ്ധതി പ്രകാരമുള്ള 19.39 ലക്ഷം കുടുംബാംഗങ്ങൾക്ക് 100% പ്രീമിയം (1671 രൂപ) സംസ്ഥാന സർക്കാർ നൽകണം.

| SCHEME | Families | Fund | Share |
|---|---|---|---|
| Ayushman Bharat (State share | 2157472+ 1938989 | 5,48,33,90,004.60 | 80.11 |
| Ayushman Bharat (Central share) | 2157472 | 1,36,17,96,326.40 | 19.89 |
| Total | | 6,84,51,86,331.00 | 100 |

| | | | |
|---|---|---|---|
| | | | മുകളിൽ സൂചിപ്പിച്ചിരിക്കുന്ന പട്ടികയിൽ നിന്നും കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി സംസ്ഥാനത്തു നടപ്പാക്കുന്നതിനു സംസ്ഥാന സർക്കാർ പദ്ധതി തുകയുടെ 80.11 % വഹിക്കുകയും കേന്ദ്ര സർക്കാർ 19.89% മാണ് പദ്ധതി വിഹിതം നല്കുന്നത്.<br><br>സംസ്ഥാന സർക്കാർ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി വഴി സംസ്ഥാനത്തെ ചിസ്, ചിസ് പ്ലസ്, എസ് ചിസ് പദ്ധതിയുടെ ആനുകൂല്യം ലഭിച്ചിരുന്നവർക്കു തുടർന്നും തടസ്സമില്ലാത്ത സൗജന്യ ആരോഗ്യ സുരക്ഷ ഉറപ്പാക്കിയിട്ടുണ്ട്. പദ്ധതിയുടെ അംഗത്വ രജിസ്ട്രേഷൻ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപറേഷൻ കേന്ദ്രീകരിച്ചും അടിയന്തര ചികിത്സ ആവശ്യമായവർക്കു സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജ്, ജില്ലാ ആശുപത്രികൾ, ജനറൽ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ കേന്ദ്രികരിച്ചു രജിസ്ട്രേഷൻ കൗണ്ടർ പ്രവർത്തന സജ്ജമാണ്.<br><br>ഇതുവരെയായി ഏകദേശം 20 ലക്ഷം അംഗങ്ങളെ രജിസ്റ്റർ ചെയ്തു കഴിഞ്ഞു. ഈ പദ്ധതി നടപ്പാക്കുന്നതിലൂടെ ഇതിനോടകം 1.5 ലക്ഷത്തോളം വ്യക്തികൾ ചികിത്സ തേടി. ആയതിലൂടെ 85 കോടി രൂപയുടെ സൗജന്യ ചികിത്സ വിവിധ ആശുപത്രികളിലൂടെ നൽകി. |
| (സി) | ആർ.എസ്.ബി.വൈ. പദ്ധതി പ്രകാരവും അതിനോടൊപ്പം നടപ്പിലാക്കിയ ചിസ്(CHIS),ചിസ് പ്ലസ്(CHIS Plus),സ്കിസ്(SCHIS) തുടങ്ങിയ സംസ്ഥാന തനതു പദ്ധതികൾ പ്രകാരവും സംസ്ഥാനത്ത് നിലവിൽ എത്ര പേർ ആരോഗ്യ ഇൻഷുറൻസ് പദ്ധതികളുടെ ഗുണഭോക്താക്കളാണെന്ന് വ്യക്തമാക്കാമോ; കേന്ദ്രസർക്കാർ മാനദണ്ഡപ്രകാരം ഇത്തരം ഗുണഭോക്താക്കൾക്കെല്ലാം ആയുഷ്മാൻ ഭാരത് പദ്ധതിയുടെ പ്രയോജനം ലഭിക്കുമോ; | (സി) | ആർ എസ് ബി വൈ പദ്ധതി പ്രകാരവും അതിനോടൊപ്പം നടപ്പിലാക്കിയ ചിസ്, ചിസ് പ്ലസ്, എസ് ചിസ് തുടങ്ങിയ പദ്ധതികൾ ആർ എസ് ബി വൈ പദ്ധതി അവസാനിച്ചതിനോട് കൂടെ അവസാനിച്ചിരുന്നു. നിലവിൽ പ്രസ്തുത പദ്ധതിക്ക് ഗുണഭോക്താക്കൾ ഇല്ല. ടി പദ്ധതി അവസാനിക്കുമ്പോൾ ചിസ് പദ്ധതിയിൽ 19.39 ലക്ഷം കുടുംബങ്ങൾ ഉണ്ടായിരുന്നു. ചിസ് പ്ലസ് പദ്ധതിയും എസ് ചിസ് പദ്ധതിയും ആർ എസ് ബി വൈ/ ചിസ് പദ്ധതിയിലെ ഗുണഭോക്താക്കൾക്കു നൽകി വന്നിരുന്ന അധിക ചികിത്സ സഹായം ആയിരുന്നു. കേന്ദ്ര സർക്കാരിന്റെ മാനദണ്ഡങ്ങളിൽ ചിസ് പദ്ധതി ഗുണഭോക്താക്കൾ വരാത്തതിനാൽ സംസ്ഥന സർക്കാർ ടി പദ്ധതിയിലെ അംഗങ്ങളുടെ മുഴുവൻ പ്രീമിയം തുകയും വഹിച്ചുകൊണ്ട് ആയുഷ്മാൻ ഭാരത് പദ്ധതി/കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി വ്യാപിപ്പിച്ചിരിക്കുന്നു. ആയതിനാൽ അവർക്കും പദ്ധതിയുടെ പ്രയോജനം ലഭിക്കും. |

സെക്ഷൻ ഓഫീസർ